പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 629 — 09.02.2016-ൽ മറുപടിയ്ക്ക്

## അടിസ്ഥാന സൗകര്യങ്ങൾ വികസനം


ചോദ്യം
ശ്രീ. എൻ.എ.നെല്ലിക്കുന്ന്

മറുപടി
ശ്രീമതി. പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)


| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പട്ടികവർഗ്ഗ ക്ഷേമവകുപ്പിന്റെ കീഴിൽ ഏതെങ്കിലും കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പ്രവർത്തികൾ നടക്കുന്നുണ്ടോ; എങ്കിൽ ഏത് പദ്ധതി പ്രകാരമാണ് ഈ പ്രവർത്തികൾ നടക്കുന്നത്; | എ) | ഉണ്ട്.<br>ചുവടെ ചേർക്കുന്ന പദ്ധതികൾ പ്രകാരമാണ് ഈ പ്രവർത്തികൾ നടക്കുന്നത്.<br>1. മോഡൽ കോളനി പദ്ധതി<br>2. ഹാംലറ്റ് വികസന പദ്ധതി<br>3. അഡീഷണൽ ട്രൈബൽ സബ്പ്ലാൻ പദ്ധതി |
| ബി) | ഈ പ്രവൃത്തിയുടെ നിർമ്മാണം തുടങ്ങിയിട്ട് എത്ര കാലമായി; നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്; പ്രവൃത്തി എന്ന് പൂർത്തീകരിക്കും; വിശദമാക്കാമോ? | ബി) | ഓരോ പദ്ധതിയേയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br>**1. മോഡൽ കോളനികൾ**<br>2011-12 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനത്തിനായി സംസ്ഥാനത്തെ 3 കോളനികളെ മോഡൽ കോളനികളാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. കൊല്ലം ജില്ലയിലെ കരിയോട്ടുമല, വയനാട് ജില്ലയിലെ നെല്ലറച്ചാൽ, കുഞ്ഞോം എന്നീ കോളനികളിലാണ് മോഡൽ കോളനി പദ്ധതി നടപ്പാക്കുന്നത്. |

മോഡൽ കോളനി പദ്ധതിക്ക് ഓരോ ഊരുകൾക്കും വേണ്ടി 25 വീടുകൾ വീതം (ആകെ 75 വീടുകൾ) 5.32 ലക്ഷം രൂപ നിരക്കിൽ നിർമ്മാണ ഏജൻസിയായ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകിയിട്ടുണ്ട്. വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ ഉൾപ്പെട്ടിട്ടുള്ള കഞ്ഞോം എന്ന സ്ഥലത്ത് 25 വീടുകളുടെ പണി പൂർത്തിയാക്കി. 2015 ആഗസ്റ്റ് 20-ന് ഉദ്ഘാടനം നടത്തി. സുൽത്താൻ ബത്തേരിയിലെ നെല്ലറച്ചാലിൽ പണിയുന്ന 25 വീടുകളിൽ 20 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കൊല്ലം ജില്ലയിൽ കുരിയോട്ടുമലയിൽ നിർമ്മിക്കുന്ന 25 വീടുകൾ നിർമ്മാണത്തിന്റെ അന്തിമഘട്ടത്തിലാണ്.

## 2. ഹാംലറ്റ് വികസന പദ്ധതി

2013-14 സാമ്പത്തിക വർഷം മുതൽ ടി പദ്ധതി നടപ്പാക്കി വരുന്നു. ഹാംലറ്റ് വികസന പദ്ധതിയുടെ പ്രവർത്തന പുരോഗതി അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.

## 3. അഡീഷണൽ ട്രൈബൽ സബ്പ്ലാൻ പദ്ധതി

2014-15 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പദ്ധതിയാണ് അഡീഷണൽ ട്രൈബൽ സബ്പ്ലാൻ പദ്ധതി. ടി പദ്ധതി പ്രകാരം 135.75 കോടി രൂപ അനുവദിച്ച് പിന്നോക്കാവസ്ഥയിലുള്ള 134 പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സുസ്ഥിര വികസന പ്രവൃത്തികൾ ദ്രുതഗതിയിൽ നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| | | | ടി പദ്ധതി മുഖേന ബന്ധപ്പെട്ട ജില്ലകൾക്ക് അനുവദിച്ച തുകയുടെയും നാളിതു വരെ ചെലവഴിച്ച തുകയുടെയും വിവരം അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.<br>2015-16 വർഷത്തിൽ കോഴിക്കോട്, വയനാട്, കണ്ണൂർ, മലപ്പുറം എന്നീ ജില്ലകളിലെ പിന്നോക്കാവസ്ഥയിലുള്ള 50 പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനത്തിന് 65 കോടി രൂപ അനുവദിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. വിശദവിവരം അനുബന്ധം -III ആയി ചേർത്തിരിക്കുന്നു. |

Hariprya

സെക്ഷൻ ഓഫീസർ